**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** | **08-10-2025 - ൽ മറുപടിയ്ക്ക്**

**മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ പരിഗണിച്ച് മിനിമം വേതനം ഏകീകരിക്കുന്നതിനും എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ വരുത്തുന്നതിനും സ്വീകരിച്ച നിയമ ഭേദഗതികൾ വിശദമാക്കാമോ; | (എ) | 1948-ലെ മിനിമം വേതന നിയമ പ്രകാരമുള്ള ഷെഡ്യൂൾ എംപ്ലോയ്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിലെ 85 തൊഴിൽ മേഖലകളിലും സംസ്ഥാന സർക്കാർ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ചും തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽ routine സ്ഥാപന പരിശോധനകളും സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖാന്തിരമുള്ള പരിശോധനകളും നടത്തി വരുന്നുണ്ട്. എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി അവരുടെ വേതനം ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മോണിറ്റർ ചെയ്യുന്നതിനുമായി 08/07/2015-ലെ GO (P) No.84/2015/LBR, S.R.O. No.458/2015 പ്രകാരം വേജ് പ്രൊട്ടക്ഷൻ സിസ്റ്റം (WPS) തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | വേതന കുടിശികയുള്ള തൊഴിലാളികൾക്ക് കുടിശിക വേഗത്തിൽ ലഭിക്കുന്നതിനായി ഏതൊക്കെ വിധത്തിലുള്ള നിയമ ഭേദഗതികളും പുതിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | വേതന കുടിശ്ശികയുള്ള തൊഴിലാളികൾക്ക് കുടിശ്ശിക ലഭ്യമാക്കുന്നതിനായി 1948-ലെ മിനിമം വേതന നിയമത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതന നിയമപ്രകാരമുള്ള ക്ലെയിം അധികാരികളായി തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>മിനിമം വേതന കുടിശ്ശികയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. 2024 ജനുവരി |

| | | | |
|---|---|---|---|
| | | | മാസം മുതൽ നാളിതുവരെ മിനിമം വേതനം നൽകാത്തതുമായി ബന്ധപ്പെട്ട് 50,412 പരിശോധനകൾ നടത്തുകയും 2691 പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ നിയമ പരിരക്ഷ പരിമിതമായ അസംഘടിത മേഖലകളിൽ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഉറപ്പ നൽകുന്നതിന് വേണ്ടി സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളും മറ്റ് വകുപ്പുകളിൻ കീഴിലായി 17 ക്ഷേമനിധി ബോർഡുകളും ഉൾപ്പടെ 33 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചു വരുന്നു. ടി ബോർഡുകളിൽ നിന്ന് പെൻഷൻ ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ കാലാകാലങ്ങളായി നൽകി വരുന്നു. സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി വിവിധ നിയമങ്ങളും നിയമനിർമ്മാണ സംവിധാനങ്ങളും നിലവിലുണ്ട്. തൊഴിൽ തർക്കങ്ങൾക്ക് കൃത്യമായ പരിഹാരം നൽകുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കൃത്യത ഉറപ്പ വരുത്തുന്നതിനും പരാതികൾ സമയബന്ധിതമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചു വരുന്നു. ഇവ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലാളികൾക്ക് നിയമപരമായ നീതി ഉറപ്പാക്കാനും സഹായിക്കുന്നു. സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സഹജ പോലെയുള്ള കോൾ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് ബാലവേല നിരോധിച്ചിട്ടുണ്ട്. ഇതുകൂടാതെ തൊഴിലിടങ്ങളിലെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനുമുള്ള സുരക്ഷാമാർഗ്ഗങ്ങൾ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ഡി) | എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് അവധി, വിശ്രമ സമയം, അവധി വേതനം എന്നിവ ഉറപ്പാക്കാൻ തൊഴിൽ നിയമങ്ങളിൽ കൊണ്ടുവന്ന ഭേദഗതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ; | (ഡി) | സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി അവധി, വിശ്രമ സമയം, അവധി വേതനം തുടങ്ങിയ തൊഴിൽ അവകാശങ്ങൾ ഏകീകൃതമായി ഉറപ്പാക്കുന്നതിനായി 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1958-ലെ നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം, 1948-ലെ മിനിമം വേതന നിയമം എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. 1958-ലെ നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമപ്രകാരം തൊഴിലാളികൾക്ക് ദേശീയ അവധി ദിനങ്ങളായി 4 ദിവസവും, ഉത്സവാവധിയായി 9 എണ്ണവും ഉൾപ്പെടെ ആകെ 13 അവധികൾ ഈ നിയമ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ അവധി |

| | | | |
|---|---|---|---|
| | | | ദിനങ്ങളിൽ ജോലിക്ക് ഹാജരാകുന്ന തൊഴിലാളിക്ക് ഇരട്ടി വേതനവും substitute holidays നൽകണമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് ലഭിക്കാനുള്ള അവധി സംബന്ധിച്ച് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പുതിയ ഭേദഗതികളുടെ ആവശ്യം വന്നിട്ടില്ല. ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന പരിശോധനകളിൽ തൊഴിലാളികളുടെ അവധി ആനുകൂല്യങ്ങൾ ഉൾപ്പെടെ പരിശോധിക്കുകയും, കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ഇ) | പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് വാർദ്ധക്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഇ) | വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള 16 ക്ഷേമനിധി ബോർഡുകളിൽ ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ഒഴികെയുള്ള ബോർഡുകളിൽ പെൻഷൻ പദ്ധതി നിലവിലുണ്ട്. ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ടി സ്ഥാപനത്തിലെ തൊഴിലാളികൾ ബോർഡിൽ അംഗങ്ങളാകുകയും അവർക്ക് ബോർഡ് പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ